# നോമ്പുകാലം അഞ്ചാം ഞായർ

## ഉത്പത്തി 16:1-16; ജോഷ്വാ 9:15-27; റോമ 12:1-8; യോഹ 8:12-20

ജറുസലം ദേവാലയം ജറുസലത്തെ പ്രകാശിപ്പിക്കുന്ന പ്രകാശമായി മനസ്സിലാക്കുന്ന ഒരു തിരുനാളിന്റെ പശ്ചാത്തലിത്തിലാണ് ഈശോ ഞാൻ ലോകത്തിന്റെ പ്രകാശമാണെന്ന് പ്രഖ്യാപിക്കുന്നത്. തോറ (the Law) ലോകത്തിനു നൽകപ്പെട്ടിരിക്കുന്ന പ്രകാശമാണെന്ന പഴയനിയമ വിജ്ഞാന ചിന്തയുടെ പശ്ചാത്തലവും ഇവിടെ പ്രസക്തം (വിജ്ഞാനം 18:4; സങ്കീ 119:105). നിയമത്തെ വിളക്കായും ചിത്രീകരിച്ചിരുന്നു. ഇസ്രായേൽക്കാരുടെ വാഗ്ദത്ത ദേശത്തേയ്ക്കുള്ള മരുഭൂമിയിൽ കൂടിയുള്ള പ്രയാണത്തിൽ അവർക്ക് വഴികാട്ടാനും വഴിതെളിക്കുവാനായി അവരോടൊപ്പം സഞ്ചരിച്ച തേജോമയമായ മേഘത്തിന്റെ ഓർമ്മയും ഈശോയുടെ വാക്കുകളിൽനിന്നും ഉരുത്തിരിയുന്നുണ്ട്. താൻ ലോകത്തിന്റ പ്രകാശമാണെന്ന് ഈശോ അവകാശപ്പെടുന്നത് ഫരിസേയരും മറ്റ് മതനേതാക്കന്മാരും ജനങ്ങൾ തന്നെയും ഈശോ ആരെന്നതിനെക്കുറിച്ച് ചർച്ചചെയ്യുകയും തർക്കിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് (7:40-53). പ്രകാശത്തിന്റെ സാന്നിദ്ധ്യം ഒരു തീരുമാനമെടുക്കാൻ ആരെയും നിർബന്ധിക്കുന്നുണ്ട്. പ്രകാശമായ ഈശോ ഒരുവന് രണ്ടു സാധ്യതകൾ നൽകുന്നു. ഈശോയാകുന്ന പ്രകാശത്തിന്റെ സാന്നിദ്ധ്യം തിരസ്കരിച്ച് അന്ധകാരത്തിൽ തന്നെ തുടരാം (1:11-12; 3:19) അഥവാ ഈശോയെ അനുഗമിച്ച് പ്രകാശത്തിൽ സഞ്ചരിക്കാം (8:12).

യോഹന്നാന്റെ സുവിശേഷത്തിന്റെ തുടക്കം മുതൽ ഈശോയെ ലോകത്തിന് മുഴുവൻ ജീവൻ പ്രദാനം ചെയ്യുവാൻ കെല്പ്പുള്ള സത്യവെളിച്ചമായി യോഹന്നാൻ സുവിശേഷകൻ പ്രഘോഷിക്കുന്നുണ്ട്. സൂര്യൻ ഈ ഭൂമിയിൽ ജീവനു നിദാനമെന്നപോലെ, ഈശോയാകുന്ന പ്രകാശസ്രോതസ്സ് നിത്യജീവന്റെ നിദാനമാണ്. ഈശോയാകുന്ന വെളിച്ചത്തിലൂടെ പ്രകാശിതമാകുന്ന ദൈവത്തെ തിരിച്ചറിഞ്ഞ്, അവിടുന്നു തെളിക്കുന്ന വഴിയേ സഞ്ചരിച്ചാൽ നിത്യജിവൻ, അതായത് ദൈവത്തോടൊപ്പമുള്ള ജീവിതം കരഗതമാകും. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല എന്ന് പറയുന്നതിന്റെ പൊരുൾ എന്താണ്? ഇവിടെ അന്ധകാരം പ്രകാശത്തിന്റെ അഭാവമല്ല. ഈശോയിലൂടെ വെളിവാക്കപ്പെടുന്ന വചനത്തിന്റെ പ്രകാശവും സത്യവും സ്വീകരിക്കാൻ കഴിയാതെ മനുഷ്യഹൃദയങ്ങളെ അന്ധമാക്കുന്ന ശക്തിയുമല്ല. യോഹന്നാന്റെ ചിന്തയിൽ പ്രകാശത്തെ സ്വീകരിക്കാതെ തിരസ്കരിക്കാൻ മനുഷ്യന് സ്വാതന്ത്ര്യമുണ്ട്. അന്ധകാരം ഇവിടെ പ്രകാശത്തിനെതിരെ പൊരുതുന്ന ശക്തിയാണ്. ഈശോയാകുന്ന പ്രകാശത്തിലൂടെ രക്ഷിക്കപ്പെടേണ്ട മനുഷ്യനിലെ തിന്മയുടെ സ്വാധീനമാണത്. ഈശോയിലുള്ള വിശ്വാസം മനുഷ്യനെ ഈ തിന്മയുടെ ശക്തിയിൽനിന്ന് വിമോചിപ്പിക്കുകയും (12:46) ഈശോയിലുടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം (യോഹ 3:16) മനസ്സിലാക്കുവാൻ പ്രാപ്തരാക്കുകകയും ചെയ്യും.

ഈശോ പറയുന്ന മറ്റൊരുകാര്യം, ഈശോയെ പ്രകാശമായി സ്വീകരിച്ച്, അവിടുത്തെ അനുധാവനം ചെയ്യുന്നവരിൽ ഈശോ നൽകുന്ന ജീവന്റെ ചൈതന്യമുണ്ടായിരിക്കുമെന്നാണ്. ചന്ദ്രൻ സൂര്യനിൽനിന്ന് പ്രകാശം സ്വീകരിച്ച് ഭൂമിക്ക് വെളിച്ചമേകുന്നതുപോലെ ഈശോയിൽ വിശ്വസിച്ച് അവിടുത്തെ ജീവിതം കാണിച്ചുതരുന്ന സ്നേഹത്തിന്റെയും കരുണയുടെയും ക്ഷമയുടെയും സേവനത്തിന്റെയും ഉദാത്ത മൂല്യങ്ങളാകുന്ന പ്രകാശകിരണങ്ങൾ നമ്മിൽ രൂഢമൂലമായാൽ നാം അവിടുത്തെ പ്രകാശം ലോകത്തിനു നൽകുന്ന സാക്ഷികാളാകും.

റോമ 12:1-8 പ്രകാശത്തിന്റെ മക്കളായി ജീവിക്കുവാൻ ഓരോ ക്രിസ്ത്യാനിയും എന്തു ചെയ്യണമെന്ന് വ്യക്തമാക്കുന്നുണ്ട്. ദൈവാത്മാവിന്റെ പ്രചോദനത്താൽ നാം ജീവിക്കുന്ന കാലഘട്ടത്തിലെ ചിന്താക്കുഴപ്പമുണ്ടാക്കുന്ന സാഹചര്യങ്ങളിൽ ദൈവത്തിന്റെ ഹിതത്തിനനുസരിച്ച് നമ്മുടെ ജീവിതം ക്രമീകരിക്കുക. നമ്മുടെ ശരീരത്തെ അങ്ങനെ ദൈവത്തിന് സ്വീകാര്യമായ സജീവബലിയായി അർപ്പിക്കുക. ശരീരം (flesh) എന്നതു പൗലോസ്ശ്ലീഹായുടെ ഭാഷയിൽ സ്ഥൂല ശരീരത്തോടൊപ്പം (physical body) സംവേദനത്തിനുള്ള ഇന്ദ്രിയം കൂടിയാണ്. ശരീരത്തിലൂടെയാണ് മനുഷ്യൻ വ്യക്തികളും സംഭവങ്ങളുമായി ബന്ധത്തിലായിരിക്കുക. അങ്ങനെ നോക്കിയാൽ ക്രിസ്തുവിശ്വാസിയുടെ എല്ലാവിധ വ്യാപാരങ്ങളും സമൂഹത്തിലെ വ്യക്തികളും ചുറ്റുമുള്ള സൃഷ്ടപ്രപഞ്ചവുമായുള്ള ബന്ധങ്ങളും

“ശാരീരിക ജീവിതം” (bodly life) ഉൾക്കൊള്ളുന്നു. വിശ്വാസിയുടെ ജീവിതം മുഴുവനും ദൈവത്തിനു സമർപ്പിച്ച് ജീവിക്കുന്നതിലൂടെയാണ് ശരീരത്തെ ദൈവത്തിന് പ്രീതികരമായ ബലിയായി മാറ്റുവാൻ കഴിയുക. അതായത്, ഓരോ ക്രിസ്ത്യാനിയുടെയും ബാഹ്യമായ ഇടപെടലുകൾ ദൈവസന്നിധിയിലേക്കുയരുന്ന പ്രാർത്ഥനയായി മാറണം. കൂദാശപരമായി നാം അർപ്പിക്കുന്ന ഓരോ വി. കുർബാനയും നമ്മുടെ ജീവിതമാകുന്ന സജീവ അൾത്താരകളിൽ നീതി നിഷ്ഠവും സത്യസന്ധവുമായ മനോഭാവത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയും പുനരർപ്പിക്കപ്പെടണം. ജീവിതമാകുന്ന ബലി ദൈവത്തിന് സ്വീകാര്യമാകുവാൻ നാം ഒരു കാര്യം ചെയ്യേണ്ടതുണ്ട്. ബലഹീനരായ നാം, കടുന്നുപോകുന്ന ലോകത്തിന്റെ മാനദണ്ഡങ്ങളാൽ വശംവദരാകുന്നവരായതുകൊണ്ട് നിരന്തരമായ ഹൃദയപരിവർത്തനത്തിലൂടെ രൂപാന്തരപ്പെട്ട് ജിവിതത്തെ ദൈവോന്മുഖമാക്കേണ്ടിയിരിക്കുന്നു. ലോകത്തിന്റെ പ്രകാശമായ ഈശോയുടെ വെളിച്ചത്തിൽ നമ്മുടെ ജീവിതത്തെ വിലയിരുത്തുവാൻ, നമ്മുടെ ആദർശങ്ങളെ പ്രകാശിതമാക്കുവാൻ, മനസ്സാക്ഷിയെ ദീപ്തമാക്കുവാൻ കഴിഞ്ഞാൽ നമ്മുടെ ജിവിതബലി സദാപി ദൈവത്തിന് സ്വീകാര്യമായിരിക്കും.